(ബി) പ്രസ്തുത സ്കീം അനുസരിച്ച് നാട്ടിൻപുറങ്ങളിലുള്ള കുട്ടിവനങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റിന്റെ അഭിപ്രായമെന്ത്;

(സി) കുന്നത്തൂർ താലൂക്കിലെ കൊടമൺ റിസർവ്വിൽപ്പെട്ട 7500-ൽപ്പരം ഏക്കർ ഭൂമി ഭൂമിയില്ലാത്ത കൃഷിക്കാരുടെ സഹകരണ കുടിസ്ഥാനത്തിലുള്ള കോളനൈസേഷനു കൊടുക്കണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇപ്രകാരം ഒരു പദ്ധതി ഗവണ്മെന്റിനില്ല. എന്നാൽ ദേവികുളം, പീരുമേട് താലൂക്കുകളിൽ 1200 കുടുംബങ്ങളെ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കാലയളവിനുള്ളിൽ കുടിയിരുത്തുന്നതിനുള്ള ഒരു പദ്ധതിയുണ്ട്. ടി പദ്ധതി സഹകരണാടിസ്ഥാനത്തിലല്ല.

(ബി) എ-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

പൈലറ്റ് ഇൻഡസ്ട്രീസ് പ്രോജക്ടിന്റെ ആഫീസർ.

*1108. [19] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി പറയുമോ:

(എ) നെയ്യാറ്റിൻകര കേന്ദ്രമായി തുടങ്ങിയിട്ടുള്ള പൈലറ്റ് ഇൻഡസ്ട്രീസ് പ്രോജക്ടിന്റെ ആഫീസർ ഇതിനകം എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) ഈ പ്രോജക്ടിന്റെ മേലുള്ള നിയന്ത്രണം പൂർണ്ണമായും സ്റ്റേറ്റ് ഗവണ്മെന്റിനാണോ; അല്ലെങ്കിൽ ഈ ഗവണ്മെന്റിനു എന്തെല്ലാം അധികാരം ഉണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പദ്ധതികളുടെ ഒരു ലിസ്റ്റ് മേശമേൽ വച്ചിട്ടുണ്ട്.†

(ബി) അതെ.

ഇൻഡസ്ട്രിയൽ കോവാപ്പറേറ്റീവ് സൊസൈറ്റി.

*1109 [20] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ കോവാപ്പറേറ്റീവ് സൊസൈറ്റികൾ സ്റ്റേറ്റി എത്രയെണ്ണമുണ്ട്; എവിടെയെല്ലാം; ഏതെല്ലാം വ്യവസായങ്ങളിലാണ് അവ പ്രവർത്തിക്കുന്നത്; ചെറുകിട വ്യവസായങ്ങൾ വികസിപ്പിക്കാൻ ഈ സംഘങ്ങൾ സഹായകമാണോ;

(ബി) നെയ്യാറ്റിൻകര ഇൻഡസ്ട്രീസ് കോവാപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം ഗവണ്മെന്റ് പരിശോധിച്ചിട്ടുണ്ടോ; അതു മാതൃകാസഹകാരിസംഘമാണെന്നു ഗവണ്മെന്റ് കരുതുന്നുണ്ടോ;

(സി) ആ സംഘത്തിന്റെ അംഗസംഖ്യയും മാനേജിംഗ് കമ്മിറ്റിയും മാത്രം; ആ സംഘത്തിനു ഗവണ്മെന്റ് എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്?

† Please See Appendix XXVIII.

LIBRARY ARCHIVES Kerala Legislative Assembly